**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1916** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് മൂലം പ്രതിസന്ധിയിലായ വ്യവസായസ്ഥാപനങ്ങൾ, വ്യാപാരികൾ എന്നീ വിഭാഗങ്ങളുടെ സംരക്ഷണത്തിന് പുതുതായി ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ; | (എ) | വ്യാപാര മേഖലയ്ക്കായി മാത്രം പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നില്ല. കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിയ്ക്ക് മുൻവർഷം സർക്കാർ രൂപം നൽകി നടപ്പിലാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 01/04/2020 മുതൽ 31/12/2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ പരമാവധി 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പാക്കേജിൽ ഇനിപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നടപ്പിലാക്കുന്നവയാണ്. 1. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായമനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെയുയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4.നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. ഈ പാക്കേജ് അനുസരിച്ച് പ്രവർത്തന മൂലധനത്തിനായി കുറഞ്ഞ പലിശ നിരക്കിൽ ഹ്രസ്വകാല വായ്പകൾ, പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, വായ്പ തിരിച്ചടവിന് കൂടുതൽ സമയം നൽകൽ, ഒരു വർഷത്തേക്ക് പിഴപ്പലിശ ഒഴിവാക്കൽ, മൂന്നുമാസത്തേക്കുള്ള പലിശ ഒഴിവാക്കൽ, മൂന്നുമാസത്തേക്ക് KSIDC-യുടെ SDF-കളിലുള്ള യൂണിറ്റുകളുടെ വാടകയും പൊതുസൗകര്യ ചാർജ്ജുകളും ഒഴിവാക്കൽ, വിലയുടെ 20% മുൻകൂർ അടവോടു കൂടി 80%, 5 വർഷം കൊണ്ട് പലിശ രഹിത അടവോടുകൂടി വ്യാവസായിക വളർച്ച കേന്ദ്രങ്ങളിൽ നിന്നും അർഹരായ സംരംഭകർക്ക് ആവശ്യമായ ഭൂമി അനുവദിക്കൽ തുടങ്ങിയ ഇളവുകൾ KSIDC-മായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ കിൻഫ്ര പാർക്കുകളിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടകയും കോമൺ ഫെസിലിറ്റി ചാർജ്ജും 3 മാസത്തേക്ക് ഓഴിവാക്കികൊടുത്തിട്ടുണ്ട്. കോവിഡ് 19 സമാശ്വാസ പദ്ധതി പ്രകാരം കിൻഫ്ര പാർക്കുകളിലെ ഭൂമിയുടെ വില 2020 മാർച്ചിലെ സ്ഥിതി തുടരുന്നതാണ്. കിൻഫ്ര പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടുള്ള സംരംഭകർക്ക് ആവരുടെ കുടിശിക ഇനത്തിൽ വന്ന കടബാധ്യത തീർപ്പാക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുന്നതാണ്. |
| (ബി) | വ്യവസായ മേഖലയ്ക്ക് വേണ്ട അസംസ്കൃതവസ്തുക്കളുടെ വിലവർദ്ധനവ് പരിഹരിക്കുന്നതിന് സർക്കാർ | (ബി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നടത്തി വരുന്ന എം.എസ്.ഇ.-സി.ഡി.പി പദ്ധതി പ്രകാരം ക്ലസ്റ്റർ അധിഷ്ഠിത പൊതുസേവന |

| | | | |
|---|---|---|---|
| | ഉദ്ദേശിക്കുന്ന പദ്ധതികളും സഹായങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | കേന്ദ്രമായി റോ മെറ്റീരിയൽ ബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ